# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 4714

**29.06.2012-ൽ മറുപടിക്ക്**

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ പ്രൊമോഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |

(എ) മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ പതിനഞ്ചും, പതിനാറും വർഷത്തെ സേവനം കഴിഞ്ഞവരും സർവ്വീസിൽ നിന്നും വിരമിക്കുവാൻ ഏതാനും മാസങ്ങൾ മാത്രം അവശേഷിക്കുന്നവരുമായ റർ ഗ്രേഡ് 1 ആയിപ്പോലും പ്രൊമോഷൻ കിട്ടാതെ കഴിയുന്നവരാണെന്നും, ദീർഘകാലമായി ചർച്ച ചെയ്യുന്ന സീനിയോരിറ്റി ലിസ്റ്റ് കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കാത്തതുമൂലമാണിത് സംഭവിക്കുന്നതെന്നുമുള്ള കാര്യം മനസ്സിലായിട്ടുണ്ടോ ;

(ബി) എന്തുകൊണ്ടാണ് ഈ പ്രശ്നം പരിഹരിക്കപ്പെടാതെ അർഹമായ ഒരു പ്രൊമോഷൻ പോലും ലഭിക്കാതെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ വിരമിക്കേണ്ടി വരുന്നതെന്ന് പറയാമോ ;

(എ) & (ബി) ഉണ്ട്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റ് 1998 നു ശേഷം പ്രസിദ്ധീകരിക്കാതിരുന്നത് മനപൂർവ്വമല്ല. കേരളാ പബ്ളിക് സർവ്വീസ് കമ്മിഷൻ 1996 മുതൽ ടി തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ച സന്ദർഭത്തിൽ ജവാന്മാരുടെ ആശ്രിതർക്കുള്ള ക്വാട്ട നിശ്ചയിച്ചിട്ടില്ലായിരുന്നു. എന്നാൽ 2002 ഓടെ അത് നിശ്ചയിക്കുകയും മുമ്പ് നൽകേണ്ടതായിരുന്ന ക്വാട്ട പുനർ നിർണ്ണയിച്ച് അതുപ്രകാരം സീനിയോരിറ്റി നിശ്ചയിച്ചു നൽകണമെന്ന് അറിയിക്കുകയും ചെയ്തു. ഇതിനിടെ ബഹു. ഹൈക്കോടതി മുമ്പാകെ ഇങ്ങനെ പുനർനിർണ്ണയം ചെയ്യുന്നതിനെതിരെ പരാതികൾ വരുകയും, ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം കേരളാ പബ്ളിക് സർവ്വീസ് കമ്മിഷൻ നൽകിയ ഇന്റർ - സെ-കംബൈൻഡ് സീനിയോരിറ്റി ലിസ്റ്റ് പ്രകാരം 25/09/10 ൽ 01/01/2006 ന് താല്കാലിക പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് തയ്യാറാക്കിയ അന്തിമപട്ടിക ബഹു. ഹൈക്കോടതിയുടെ സൂക്ഷ്മ പരിശോധനയിലാണ്. ആയത് പ്രസിദ്ധീകരിച്ചാൽ മാത്രമേ പൊമോഷൻ നൽകാൻ സാധിക്കൂ.

| | |
|---|---|
| (സി) ഈ വിഷയം അടിയന്തിരമായി പരിഹരിച്ച് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് പ്രൊമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (സി) കോടതിയുടെ അനുമതിയോടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചാലുടൻ പ്രൊമോഷൻ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.